**പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**
നിലവിൽ (Anil Kumar T)

വിഷയം : പട്ടികജാതി വികസനം - ജീവനക്കാര്യം - വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് താത്ക്കാലികമായി തസ്തികമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ.(പി) നം. 4.2020/ഉഭപവ തീയതി 22.10.2020.
2. സ.ഉ.(പി) നം. 16/2015/ഉഭപവ തീയതി 28.06.2015.
3. 02.11.2020 ലെ സി2- 120 /2020 പജപവവിവ നമ്പർ സർക്കാർ കത്ത്
4. 15.10.2017 ലെ ഈ ഓഫീസിലെ എസ്റ്റാ ബി1-21624/16 നമ്പർ ഉത്തരവ്
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 22/10/2024 ലെ SCDD/630/2022-A2 (ESTTA) നം ഉത്തരവ്
6. തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 25/11/2024 ലെ DDOTSR/3033/2023-G2 നം കത്ത്
7. മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 23.12.2024 ലെ DDOMPM/373/2024-M1 നം കത്ത്
8. കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 29/11/2024 ലെ DDOKNR/899/2024-ESTT(C1) നം കത്ത്
9. ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 07/01/2025 ലെ DDOIDK/15/2024-E നം കത്ത്
10. ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 03/12/2024 ലെ DDOALP/154/2023-A2 നം കത്ത്

ഉത്തരവ് നമ്പർ: SCDD/2124/2022-A2 (ESTT A) തീയതി:22-01-2025

പട്ടികജാതി വികസന വകുപ്പിലെ ക്ലാസ്സ് IV തസ്തികയിലെ ജീവനക്കാർക്ക് ക്ലാർക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് ജില്ലാ/മേഖലാ തലത്തിൽ ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ 10% തസ്തികകൾ മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാനതലത്തിൽ ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ 10% പ്രകാരമുള്ള നിയമനത്തിനായി മാറ്റി വയ്ക്കുവാൻ പരാമർശം (1), (2) പ്രകാരം ഉത്തരവായിട്ടുണ്ട്. വകുപ്പിൽ എല്ലാ ജില്ലകളിലും 10% ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ ക്ലാസ്സ് IV തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനായി മാറ്റിവെയ്ക്കുവാൻ ഇല്ലാത്തതിനാൽ പരാമർശം (3) പ്രകാരം വകുപ്പിൽ സംസ്ഥാന തലത്തിൽ ഒഴിവുകൾ കണക്കാക്കി ആയതിൻ്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പരാമർശം (4) പ്രകാരം വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതലത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ലാസ്സ് IV തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന സേവനമനുഷ്ഠിച്ചിരുന്ന 2 ജീവനക്കാർക്ക് പരാമർശം (5) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ആയതിനാൽ വകുപ്പിലെ ക്ലാസ്സ് IV തസ്തികയിലെ 2 ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കാവുന്നതാണ്. പരാമർശം (4) പ്രകാരമുള്ള ക്ലാസ്സ് IV ജീവനക്കാരുടെ സിനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 119 ആയിട്ടുള്ള ശ്രീ രാമദാസൻ പി എന്നിവർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത കൈവരിച്ചിട്ടുണ്ട്.ടിയാൻ മുൻപ് ക്ലാർക്ക് തസ്തികയിലേക്ക് പരിഗണിക്കേണ്ട എന്ന് അറിയിച്ചിരു ടിയാന് തസ്തികമാറ്റം അനുവദിക്കാവുന്നതാണ്. ക്രമ നം 120, ക്രമ നം 122 ൽ ഉൾപ്പെട്ട ജീവനക്കാർ വകുപ്പിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് ക്രമ നം 121 ൽ ഉൾപ്പെട്ട ജീവനക്കാരൻ ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയിട്ടില്ല. ക്രമ നം.123 ശ്രീ ബിനിൽ ഒ കെ യ്ക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക്

തസ്തികമാറ്റം അനുവദിച്ചിട്ടുണ്ട്. ക്രമ നം 124 ശ്രീമതി ഉഷാകുമാരി കെ എന്നവരെ നിലവിലെ ഒഴിവുകളിലേക്ക് പരിഗണിക്കേണ്ടതില്ലായെന്ന് പരാമർശം (7) പ്രകാരം അറിയിച്ചിട്ടുണ്ട്. ക്രമ നം. 125,127,130,131,132,133,134,135,136,137,138,140,143 ഉൾപ്പെട്ട ജീവനക്കാർ വകുപ്പിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ക്രമ നം. 126 ശ്രീ ബിനു ടി നിലവിൽ LWA യിലാണ്. ക്രമ നം.128 ശ്രീമതി സുധ എസ് സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയിട്ടില്ല. ക്രമ നം.129 ശ്രീ ഹരിദാസ് കെ VRS എടുത്തു പോയിട്ടുള്ളതാണ്. ക്രമ നം.139,141, ൽ ഉൾപ്പെട്ട ശ്രീ പ്രബിലാഷ് പി വി, ശ്രീ സുരേഷ് എൻ ടി എന്നിവരെ നിലവിലെ ഒഴിവിലേക്ക് പരിഗണിക്കേണ്ടയെന്ന് പരാമർശം (8) പ്രകാരം അറിയിച്ചിട്ടുണ്ട്. ക്രമ നം.142 ശ്രീമതി സുജാത സി ബി എന്നവരെ നിലവിലെ ഒഴിവുകളിലേയ്ക്ക് പരിഗണിക്കേണ്ടയെന്ന് പരാമർശം (9) പ്രകാരം അറിയിച്ചിട്ടുണ്ട്. ക്രമ നം.144 ശ്രീമതി കവിത എൻ ടി ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത കൈവരിച്ചിട്ടുണ്ട്. ആയതിനാൽ ക്രമ നം 144 ആയിട്ടുള്ള ശ്രീമതി കവിത എൻ ടി യ്ക്കും സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ രാമദാസൻ പി യ്ക്കും ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസിലെ അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി കവിത എൻ ടി യ്ക്കും ക്ലാസ്സ് IV തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് 26500-60700 ശമ്പള സ്കെയിലിൽ താത്ക്കാലികമായി തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും, ശ്രീ രാമദാസൻ പി യെ പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസിലും ശ്രീമതി കവിത എൻ ടി യെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലും ക്ലാർക്ക് തസ്തികയിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്(ജില്ലാ ഓഫീസർ മുഖേന)

പകർപ്പ് :-

1. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - സി എ മുഖേന
2. ഡെപ്യൂട്ടി ഡയറക്ടർ - ഉത്തര/ദക്ഷിണ മേഖല
3. ട്രെയിനിംഗ് ഇൻസ്പെക്ടർ - ഉത്തര/ദക്ഷിണ മേഖല
4. എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
5. എസ്റ്റാ സി1 സീറ്റ്, എസ്റ്റാ എ3 സീറ്റ്(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ അധികം.

ആജ്ഞാനുസരണം,

Signed by
S R Manoj
Date: 22-01-2025 16:06:43

സൂപ്രണ്ട്